(12) അമിത എന്ന ഏഴു വയസ്സുകാരിയെ ബലാൽസംഗം ചെയ്ത സംഭവം

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, 21-7-1986-ൽ പകൽ 11 മണിക്ക് എന്റെ നിയോജകമണ്ഡലത്തിൽ തട്ടത്തുമല ഗവൺമെന്റ് ഹൈസ്ക്കൂളിൽ 3-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന 7 വയസ്സ് പ്രായമുള്ള അമിത എന്ന പെൺകുട്ടി പരീക്ഷയ്ക്ക് പേപ്പർ വാങ്ങാനായി അടുത്തുള്ള ഒരു കടയിൽ പോയി. ആ സമയത്ത് കടയിൽ ആരും ഉണ്ടായിരുന്നില്ല. 55 വയസ്സുകാരനായ അയൂബ് ലബ്ബ കുട്ടിക്ക് മിഠായി കൊടുത്തിട്ട് കടക്കുള്ളിലേക്ക് വിളിച്ചുകൊണ്ടുപോവുകയും ക്രൂരമായി ബലാൽസംഗം ചെയ്യുകയും ചെയ്യുകയുണ്ടായി. ഐ. എസ്. ആർ. ഒ. യിലെ ഒരു ജീവനക്കാരനായ കുട്ടിയുടെ പിതാവ് ശ്രീ. അച്യുതൻപിള്ള അപ്പോൾ ഓഫീസിൽ ആയിരുന്നു. കുട്ടി തിരിച്ചുവർന്നാമസിച്ചപ്പോൾ കുട്ടിയുടെ അമ്മ ബേബി സരോജം അവിടെ ഓടി എത്തുകയും മറ്റു ചിലരുമായി കുട്ടിയെ ആശുപത്രിയിലാക്കുകയും ചെയ്തു. കുട്ടിക്ക് ഗുരുതരമായ മുറിവുകൾ ഉണ്ട്. കുട്ടിയുടെ മാതാവ് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. പോലീസ് പ്രതിയെ രക്ഷിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല പോലീസിൽ പരാതിപ്പെട്ടു. എന്ന കാരണത്താൽ പ്രതിയുടെ ബന്ധുക്കളായ ചിലർ കുട്ടിയുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശരിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇത്ര നീചമായ, ക്രൂരമായ ബലാൽസംഗ കേസ്സിലെ പ്രതിയെ രക്ഷിക്കാനാണ് പോലീസും സർക്കാരും നിയമം ദുരുപയോഗപ്പെടുത്തുന്നതെങ്കിൽ നാട്ടുകാർ പ്രശ്നം കൈകാര്യം ചെയ്യാൻ നിർബന്ധിതമായിത്തീരും. ഈ ബലാൽസംഗ കേസ്സിൽപ്പെട്ട പ്രതിയെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യാനും അയാളെ മാതൃകാപരമായി ശിക്ഷിക്കാനും നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 7 വയസ്സുമാത്രം പ്രായമുള്ള അമിത എന്ന പെൺകുട്ടിയെ മൃഗീയമായി ചെയ്തിട്ടുള്ള ഈ നടപടിയെ വളരെ ഗൗരവത്തോടുകൂടിത്തന്നെ പോലീസ് കൈകാര്യം ചെയ്തിട്ടുണ്ട്. സെക്ഷൻ 94/56 ആൻറ് സെക്ഷൻ 354 I.P.C. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തു. അതിനെത്തുടർന്ന് നാട്ടുകാർ അവിടെ കൂടി ഈ മനുഷ്യക്കോലമുള്ള മൃഗത്തിന്റെ നേരെ അവരുടെ വികാരം പ്രകടിപ്പിച്ചത് ശരിയാണ്. എങ്കിലും പ്രതികളായ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ കസ്റ്റഡിയിലാണ്. ഇന്ന് അവരെ കോടതിയിൽ ഹാജരാക്കും. ആവശ്യമായ നടപടി സ്വീകരിക്കും. ഒരിക്കലും ഇത് മനുഷ്യത്വത്തിന് ചേരാത്തതുകൊണ്ട് സ്വീകരിക്കാവുന്ന എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(13) തോട്ടം തൊഴിലാളികൾക്ക് പുതിയ സേവന—വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടി

ശ്രീ. എം. ജിനദേവൻ: സർ, കേരളത്തിലെ 3 ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ സേവന—വേതന വ്യവസ്ഥകളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കരാറിന്റെ കാലാവധി ഈ കഴിഞ്ഞ മാർച്ച് 31-ാം തീയതി അവസാനിച്ചു. 1983 ഫെബ്രുവരി മാസം

LIBRARY ARCHIVES Kerala Legislative Assembly

8.0ം തീയതിയാണ് കഴിഞ്ഞ കരാറുണ്ടായത്. ഈ 3 വർഷക്കാലയളവിൽ അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും മറ്റും കാരണം, തൊഴിലാളികളുടെ ജീവിതനിലവാരം ഈ കരാർ ഉണ്ടാക്കിയ കാലത്തേക്കാൾ വളരെ മോശമായിത്തീർന്നിരിക്കുകയാണ്. തൊഴിലാളികളുടെ ജീവിതച്ചെലവിൽ ഉണ്ടായിട്ടുള്ള ഈ വർദ്ധനവും മറ്റു സാഹചര്യങ്ങളും കണക്കിൽ എടുത്താൽ കൂലി പരിഷ്കരണം അടിയന്തിരമായി ആവശ്യമായിട്ടുള്ള കാര്യമാണ്. അതുപോലെ ഇന്നുള്ള താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണം, തൊഴിലാളികളുടെ വസതികൾ നന്നാക്കണം, വൈദ്യുതീകരിക്കണം തുടങ്ങിയ മറ്റു ചില ആവശ്യങ്ങൾ തൊഴിലാളി സംഘടനകൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ട്രേഡ് യൂണിയനുകളും കേന്ദ്ര ഫെഡറേഷനുകളും തോട്ടം ഉടമകളെയും ഗവൺമെൻറിനെയും ഈ ആവശ്യങ്ങൾ അറിയിച്ചിട്ടുണ്ട്. ഇതുവരെ യാതൊരു കൂടിയാലോചനയും നടന്നിട്ടില്ല. കൂടിയാലോചനക്കുവേണ്ടി നിലവിൽ ഒരു സംവിധാനം ഉണ്ടായിരുന്നു—പ്ലാൻറേഷൻ ലേബർ കമ്മിറ്റി. ആ കമ്മിറ്റി ഇന്ന് നിലവിലില്ല. അതുകൊണ്ട് പ്ലാൻറേഷൻ ലേബർ കമ്മിറ്റി അടിയന്തിരമായി സംഘടിപ്പിക്കണം. ഈ പ്രശ്നത്തിൽ അടിയന്തിരമായി കൂടിയാലോചിക്കണം. തൊഴിലാളികളെ ഒരു പണിമുടക്കിലേക്കും സമരത്തിലേക്കും തള്ളിവിടരുത്. അതുപോലെതന്നെ തൊഴിലാളികളുടെ ഡി. എ. നിരക്ക് വർദ്ധിപ്പിക്കണം. തോട്ടം തൊഴിലാളികൾക്ക് ഇന്ന് വളരെ കുറഞ്ഞ ഡി. എ. നിരക്കാണ് നിലവിലുള്ളത്. അത് നിശ്ചയിച്ച കാലത്തുള്ളതിൽനിന്ന് യാതൊരു മാറ്റവും ഇല്ലാതെ തുടരുകയാണ്. അതുകൊണ്ട് അടിസ്ഥാന കൂലിയിൽ വർദ്ധനവ് വേണം. ഡി. എ. നിരക്ക് വർദ്ധിപ്പിക്കണം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി, കൂടിയാലോചന അടിയന്തിരമായി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇപ്പോൾ നിലവിലിരിക്കുന്നത് ഒരു എഗ്രിഡ് വേജസ് ആണ്. അതിന്റെ കാലാവധി കഴിഞ്ഞു എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. അതിന്റെ കൺസിലിയേഷൻ തുടർന്ന് ആരംഭിക്കുന്നതിനുള്ള എല്ലാ നടപടിയും പൂർത്തിയായിട്ടുണ്ട്. അതുപോലെതന്നെ ഡി. എൽ. സി. യും രൂപീകരിക്കുന്നതിനുള്ള നടപടികളും ഏകദേശം പൂർത്തിയായിട്ടുണ്ട്. കൺസിലിയേഷൻ ഉടൻതന്നെ ആരംഭിക്കുന്നതും ഡി. എൽ. സി. ഉടൻതന്നെ രൂപീകരിക്കുന്നതുമാണ്.

(14) തോപ്പുംപടി വെല്ലിംഗ്ടൺ ഐലൻറ് പാലം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, നാഷണൽ ഹൈവേ 47-ൽ തോപ്പുംപടി വെല്ലിംഗ്ടൺ ഐലൻറ് പാലത്തിന്റെ കാലപ്പഴക്കം മൂലം ഉളവാകുന്ന വാഹന ഗതാഗത തടസ്സവും ആ പാലത്തിന്റെ അപകട സാദ്ധ്യതയും ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാലഹരണപ്പെട്ട പ്രസ്തുത പാലം തകർന്നുവീണാൽ തിരുവനന്തപുരം നാഷണൽ ഹൈവേ 47 വഴി കേരളത്തിന്റെ വടക്കേ അറ്റത്തേക്കുള്ള എല്ലാ ഗതാഗതവും സ്തംഭിക്കും. കൊച്ചി തുറമുഖംവഴി നടക്കുന്ന കയറ്റിറക്കം സ്തംഭിക്കും. അതുവഴി കൊല്ലം മുതൽ വടക്കോട്ടുള്ള മേഖലയിലെ വ്യാപാരവും വ്യവസായവും പൂർണ്ണമായി നിലയ്ക്കും. കൊച്ചി നഗരത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly